പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2328 13.02.2013 -ലെ മറുപടി

അങ്കമാലി ഡിപ്പോയിലേക്കുള്ള പ്രവേശന കവാടത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ്

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയിലേക്കുള്ള പ്രവേശന കവാടത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ സ്ഥിതി വിശദമാക്കുമോ ; | (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലേയ്ക്കുള്ള പ്രവേശന മാർഗ്ഗം നിർമ്മിക്കുന്നതിനായുള്ള പൊന്നുംവില നടപടിയുടെ ഡ്രാഫ്റ്റ് അവാർഡ് അംഗീകരിക്കുകയും, ഫൈനൽ അവാർഡ് പൊന്നും വില ഓഫീസർ 05.02.2013 -ന് പാസ്സാക്കുകയും ചെയ്തു. കോമ്പൻസേഷൻ തുക കോടതിയിൽകെട്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്നു.<br>ടി എൽ.എ നടപടിയുടെ അഡീഷണൽ അക്വിസിഷന് (0.24 ആർ) സർക്കാരിൽ നിന്നും അനുമതി നൽകിയിട്ടുള്ളതും സർവ്വെ അതിരടയാള നിയമപ്രകാരമുള്ള 6(1), പൊന്നും വില നിയമപ്രകാരമുള്ള 4(1) വിജ്ഞാപനങ്ങൾ താമസംവിനാ പ്രസിദ്ധീകരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിലാക്കുന്ന കാര്യത്തിൽ ഗതാഗത വകുപ്പ് കാണിക്കുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഈ പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | കാലതാമസം ഒഴിവാക്കി പൊന്നും വില നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ